## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2659 09.03.2017-ലെ മറുപടി

### കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ കേന്ദ്രങ്ങളിൽ ശുദ്ധജല മെത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ? | എ) കുടിവെള്ള ക്ഷാമം നേരിടുന്നതിനായി കാസർഗോഡ് ജില്ലയിലെ തടയണകളുള്ള 7 പദ്ധതികളിൽ ഷട്ടർ താഴ്ത്തിയും, 2 പദ്ധതികളിൽ താൽക്കാലിക തടയണ നിർമ്മിച്ചും കുടിവെള്ളം സംഭരിച്ച് നിർത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളുടെ പൊട്ടൽ മൂലമുള്ള ചോർച്ച തടയാൻ അറ്റകുറ്റപ്പണികൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്തു വരുന്നു. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ശുദ്ധജലം നിറയ്ക്കാൻ 22 ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്.<br>2016-17 ലെ പുതുക്കിയ ബജറ്റിൽ 10 മുൻസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തു കൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടി 76 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഒന്നാംഘട്ടത്തിനായി ഭരണാനുമതിയും കിഫ്ബിയിൽ നിന്നും അംഗീകാരവും ലഭ്യമായിട്ടുണ്ട്. സാങ്കേതികാ നുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>കൂടാതെ 2016-17 സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള പദ്ധതികളിലെ വിവിധ പ്രവൃത്തികൾക്ക് 68 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.<br>ജലചോർച്ച തടയാനായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഉപ്പളയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല മുതൽ ഉപ്പളവരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി |

പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. കാസർഗോഡ് കടിവെള്ള പദ്ധതി - വിദ്യാനഗർ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ട് മുതൽ കാസർഗോഡ് പഴയ ബസ് സ്റ്റാന്റ് വരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ

2. ബദിയടുക്ക നീർച്ചാൽ വില്ലേജുകൾക്കുള്ള കടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ

കൂടാതെ വിവിധ പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 194 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിൽ കടിവെള്ളക്ഷാമം രൂക്ഷമായ കേന്ദ്രങ്ങളിൽ ഭൂജല വകുപ്പ് 133 ബോർവെൽ കൈപമ്പുകൾ റിപ്പയർ ചെയ്ത് കടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 8 ചെറുകടിവെള്ള പദ്ധതി നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒരു കടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 7 എണ്ണത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുക യാണ്.

ലോകബാങ്ക് ധനസഹായത്തോടെ കാസർ ഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുത്തിഗെ, പുല്ലൂർ പെരിയ, പടന്ന, ബളാൽ, പൈവലികെ, ദേലംപാടി, ഈസ്റ്റ് എളേരി, ബെല്ലൂർ, മീഞ്ച, കിണാനൂർ-കരിന്തളം എന്നീ പഞ്ചായത്തുകളിൽ കടിവെള്ള വിതരണ പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആവശ്യാധിഷ്ഠിത പദ്ധതിയായ ജലനിധിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 178 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകുകയും, ഇതിൽ 104 സ്കീമുകൾ കമ്മീഷൻ ചെയ്യുകയും ഇതിലൂടെ 9559 കടുംബങ്ങൾക്ക് കടിവെള്ളം നിലവിൽ നൽകി വരുകയും ചെയ്യുന്നു. ബാക്കിയുള്ള സ്കീമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതീവ വേഗത്തിൽ പുരോഗമിച്ചു വരുന്നു.

Renaka Sankar
സെക്ഷൻ ഓഫീസർ